"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - കോഴിക്കോട് ജില്ലയിലെ പറമ്പിൽകടവ് എം.എ.എം. യു.പി. സ്കൂളിലെ ജൂനിയർ സംസ്കൃതം അധ്യാപിക ശ്രീമതി സീന ഡിമ്പിൾ ഒ.എൻ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട് സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.1785/2026/GEDN തീയതി,തിരുവനന്തപുരം, 28-02-2026

---

പരാമർശം:-
1. ശ്രീമതി സീന ഡിമ്പിൾ ഒ.എൻ സർക്കാരിൽ സമർപ്പിച്ചിട്ടുള്ള 07.09.2024ലെ റിവിഷൻ ഹർജി
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 21.01.2026 -ലെ ജി3/24153/2024 ഡി.ജി.ഇ നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് പറമ്പിൽകടവ് എം.എ.എം. യു.പി. സ്കൂളിലെ ജൂനിയർ സംസ്കൃതം അധ്യാപിക ശ്രീമതി സീന ഡിമ്പിൾ ഒ.എൻ., തന്റെ നിയമനം 02.06.2008 മുതൽ ഫുൾ ടൈം തസ്തികയായി അംഗീകരിച്ച് ആനുകൂല്യങ്ങൾ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് പരാമർശം (1) പ്രകാരം പുനഃപരിശോധനാ ഹർജി സർക്കാരിൽ ലഭ്യമാക്കിയിരുന്നു. പ്രസ്തുത സ്കൂളിൽ നിലവിലുണ്ടായിരുന്ന ഫുൾ ടൈം തസ്തികയിലെ ഒഴിവിലേക്ക് നിയമിതയായ തനിക്ക്, 'ഗ്രൂപ്പ്-സി' വിഷയങ്ങളിലെ പിരീഡ് ഡൈവേർഷൻ അനുവദിക്കാനാവില്ലെന്ന കാരണത്താൽ പാർട്ട് ടൈം അംഗീകാരം നൽകിയ നടപടി പുനഃപരിശോധിക്കണമെന്നും; നിലവിലുള്ള ഫുൾ ടൈം തസ്തികകൾ പാർട്ട് ടൈം ആക്കാൻ പാടില്ലെന്ന 2000-ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, 2008 മുതലുള്ള സേവനം ഫുൾ ടൈം ആയി ക്രമപ്പെടുത്തി അർഹമായ എല്ലാ ആനുകൂല്യങ്ങളും ലഭ്യമാക്കണമെന്നുമാണ് അപേക്ഷകയുടെ പ്രധാന ആവശ്യം.

2. പറമ്പിൽക്കടവ് എം.എ.എം. യു.പി. സ്കൂളിലെ സംസ്കൃതം അധ്യാപിക ശ്രീമതി. സീന ഡിമ്പിൾ ഒ.എന്നിന്റെ നിയമനം പാർട്ട് ടൈം ആയി മാത്രമേ അംഗീകരിക്കാൻ സാധിക്കുകയുള്ളൂ എന്ന് വ്യക്തമാക്കുന്നു. 2008-ൽ ശ്രീമതി. കെ. ലീല വിരമിച്ച ഒഴിവിലേക്കാണ് പ്രസ്തുത നിയമനം നടന്നിട്ടുള്ളത്. മുൻ അധ്യാപികയ്ക്ക് ഗ്രൂപ്പ്-സി ഡൈവേർഷൻ വഴി ഫുൾ ടൈം ആനുകൂല്യം ലഭ്യമായിരുന്നുവെങ്കിലും, പ്രസ്തുത തസ്തിക അടിസ്ഥാനപരമായി പാർട്ട് ടൈം ആയിരുന്നുവെന്നും ഡൈവേർഷൻ ആനുകൂല്യം വ്യക്തിഗതമായിരുന്നുവെന്നും റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടുന്നു. നിലവിലെ ചട്ടങ്ങൾ പ്രകാരം ഗ്രൂപ്പ്-സി ഡൈവേർഷൻ വഴി പുതുതായി ഫുൾ ടൈം തസ്തികകൾ അനുവദിക്കാൻ വ്യവസ്ഥയില്ലെന്ന കാരണത്താൽ മുൻപ് സമർപ്പിച്ച അപേക്ഷ സർക്കാർ നിരസിച്ചിട്ടുള്ളതാണ്. സ്കൂളിലെ വിദ്യാർത്ഥികളുടെ എണ്ണമോ പീരിയഡുകളുടെ ലഭ്യതയോ ഒരു ഫുൾ ടൈം തസ്തികയ്ക്ക് അർഹമല്ലെന്നിരിക്കെ, 02.06.2008 മുതലുള്ള നിയമനം ഫുൾ ടൈം ആയി അംഗീകരിക്കണമെന്ന അധ്യാപികയുടെ ആവശ്യം നിയമപരമായി നിലനിൽക്കില്ലെന്ന് പരാമർശം

(2) റിപ്പോർട്ട് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിന്റെയും, നിലവിലുള്ള ഉത്തരവുകൾ, ചട്ടങ്ങൾ എന്നിവയുടെയും അടിസ്ഥാനത്തിൽ സർക്കാർ പ്രസ്തുത വിഷയം വിശദമായി പരിശോധിച്ചു. സ്കൂളിലെ തസ്തിക നിർണ്ണയ ഉത്തരവ് (Staff Fixation) പ്രകാരം ജൂനിയർ സംസ്കൃതം തസ്തിക പാർട്ട് ടൈം വിഭാഗത്തിൽപ്പെട്ടതാണ്. 2008-ൽ ശ്രീമതി.കെ. ലീല വിരമിച്ചതിനെത്തുടർന്നുണ്ടായ ഒഴിവിലാണ് ഹർജിക്കാരി നിയമിതയായത്. മുൻപ് ഈ തസ്തികയിലുണ്ടായിരുന്ന അധ്യാപികയ്ക്ക് ഗ്രൂപ്പ്-സി ഡൈവേർഷൻ വഴി ഫുൾ ടൈം ആനുകൂല്യം ലഭിച്ചിരുന്നുവെങ്കിലും, പ്രസ്തുത ആനുകൂല്യം അവർക്ക് മാത്രമായി അനുവദിക്കപ്പെട്ട വ്യക്തിഗത (Personal) ആനുകൂല്യമായിരുന്നുവെന്നും അടിസ്ഥാനപരമായി ഈ തസ്തിക പാർട്ട് ടൈം ആണെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിലെ കെ.ഇ.ആർ (KER) ചട്ടങ്ങൾ പ്രകാരം, പുതിയതായി ഗ്രൂപ്പ്-സി ഡൈവേർഷൻ വഴി ഫുൾ ടൈം തസ്തികകൾ അനുവദിക്കാൻ വ്യവസ്ഥയില്ല. 2010-ലെ സർക്കാർ ഉത്തരവിലൂടെ (G.O(Ms) No. 220/2010/G.Edn) ഇത്തരത്തിലുള്ള ആനുകൂല്യങ്ങൾ പരിമിതപ്പെടുത്തിയിട്ടുള്ളതുമാണ്. ആയതിനാൽ, നിയമപരമായി പ്രസ്തുത നിയമനം പാർട്ട് ടൈം ആയി മാത്രമേ അംഗീകരിക്കാൻ സാധിക്കുകയുള്ളൂ.

4. മേൽ സാഹചര്യത്തിൽ, കോഴിക്കോട് പറമ്പിൽകടവ് MAM UP സ്കൂളിലെ ജൂനിയർ സംസ്കൃതം അധ്യാപികയായുള്ള തന്റെ നിയമനം 02.06.2008 മുതൽ ഫുൾ ടൈം തസ്തികയായി അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീമതി സീന ഡിംപിൾ ഒ.എൻ സമർപ്പിച്ച പുനഃപരിശോധനാ ഹർജിയിലെ ആവശ്യം പരിഗണനാർഹമല്ലാത്തതിനാൽ പരാമർശം (1) റിവിഷൻ ഹർജിയിലെ ആവശ്യം നിരസിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ASWATHY K
അണ്ടർ സെക്രട്ടറി

പകർപ്പ്:-
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കുന്ദമംഗലം, കോഴിക്കോട്.
ശ്രീമതി.സീന ഡിമ്പിൾ, ജൂനിയർ സംസ്കൃതം ടീച്ചർ, എം.എ.എം. യു.പി.സ്കൂൾ, പറമ്പിൽകടവ്, കോഴിക്കോട് - 673012
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Pradeep Kumar. C. O
സെക്ഷൻ ഓഫീസർ
Date: 28-02-2026 14:07:27